# Malayala Manorama

## 18 August 2018

## Thiruvananthapuram, Flood Affected Areas, Temporary Hospitals



# ദുരിതമേഖലകളിൽ താൽക്കാലിക ആശുപത്രികൾ തുറക്കും

തിരുവനന്തപുരം● ദുരിതബാധിത പ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യമുള്ള താൽക്കാലിക ആശുപത്രികൾ തുടങ്ങുമെന്നു മന്ത്രി കെ.കെ. ശൈലജ.

ഒരു മാസത്തേക്ക് ഇരുന്നൂറോളം കേന്ദ്രങ്ങൾ സജ്ജമാക്കും. ആരോഗ്യവകുപ്പിലെ ജീവനക്കാരോടൊപ്പം സന്നദ്ധരായ സ്വകാര്യ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കും. മഴക്കെടുതികളിൽ തകർന്ന ആശുപത്രികൾ നന്നാക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

പകർച്ചവ്യാധികൾ തടയാൻ വെള്ളമിറങ്ങിക്കഴിഞ്ഞാൽ വീടും പരിസരവും പൊതുസ്ഥലങ്ങളും അണുവിമുക്തമാക്കി ശുചീകരിക്കണം. ഇതിനായി ആരോഗ്യവകുപ്പു ജീവനക്കാർക്കു പുറമേ ഓരോ പഞ്ചായത്തിലും ആറു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ വീതം 1200 പേരെ ഒരു മാസത്തേക്കു നിയമിക്കും. ആരോഗ്യവകുപ്പിലെ സ്ഥലംമാറ്റം തൽക്കാലം മരവിപ്പിക്കും. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സംസ്ഥാന, ജില്ലാതല കൺട്രോൾ റൂമുകൾ തുറക്കും.